<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6150 — 10-07-2012 - ലെ മറുപടിയ്ക്ക്

<u>മരച്ചീനി സംഭരണം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. എളമരം കരീം | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കർഷകരിൽ നിന്നും മരച്ചീനി സംഭരിക്കുന്നതിന് 2011-12-ൽ ഹോർട്ടികോർപ്പിനെക്കൂടാതെ മറ്റാരെയെല്ലാം ചുമതലപ്പെടുത്തിയിരുന്നു; | (എ) | 2011-12 ൽ കർഷകരിൽ നിന്നും മരച്ചീനി സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിനെ മാത്രമെ ചുമതലപ്പെടുത്തിയിരുന്നുള്ളൂ. |
| (ബി) ഹോർട്ടികോർപ്പിന് ഈയിനത്തിൽ എന്ത് തുകയാണ് 2011-12-ൽ വകയിരുത്തിയിരുന്നത്; ഏതെല്ലാം പദ്ധതിയിൻ കീഴിലാണ് ഈ തുക വകയിരുത്തിയിരുന്നത്; | (ബി) | 2011-12 ൽ കാർഷിക വിപണിയിൽ ഇടപെട്ട് സഹായം നൽകൽ പദ്ധതി പ്രകാരം ഹോർട്ടികോർപ്പിന് 80 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. |
| (സി) ഹോർട്ടികോർപ്പ് 2011-12-ൽ എത്ര മാത്രം മരച്ചീനി സംഭരിച്ചു; | (സി) | ഹോർട്ടികോർപ്പ് 31-05-2012 വരെ 93.175 ടൺ മരച്ചീനി സംഭരിച്ചു. |
| (ഡി) വകയിരുത്തിയതിൽ എത്ര തുക 2011-12-ൽ ഇതിലേക്കായി ചെലവഴിച്ചു? | (ഡി) | പ്രസ്തുത ആവശ്യത്തിനായി നാളിതുവരെ 16,09,537/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ